

# പ്രയാണം 3

EOLPS എടവണ്ണ

എടവണ്ണ ഓർഫനേജ് എൽ.പി. സ്കൂൾ

വാർഷിക സപ്ലിമെന്റ്

## 29-ാം വാർഷികവും യാത്രയയപ്പ് സമ്മേളനവും

2024 ഫെബ്രുവരി 29 വ്യാഴം

29-ാം വാർഷികം ആഘോഷിക്കുന്ന EOLP സ്കൂളിനും വിരമിക്കുന്ന കെ. സുലൈമാൻ മാസ്റ്റർക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



**P. അയ്യൂബ്**
പ്രസിഡന്റ് എടവണ്ണ യതീംഖാന



**PK ബഷീർ**
ജന. സെക്രട്ടറി എടവണ്ണ യതീംഖാന മാനേജർ EOLPS



**P. മുഹമ്മദ്**
(ചെറിയാപ്പു ഹാജി) ട്രഷറർ, എടവണ്ണ യതീംഖാന.



**PV. ലത്തീഫ്**
സെക്രട്ടറി, എടവണ്ണ യതീംഖാന.

## ഭാവുകങ്ങൾ

എടവണ്ണയുടെ തിരുമുറ്റത്ത് അതിനൂതനമായ സൗകര്യങ്ങളോടെ കുരുന്നുകൾക്ക് ആദ്യാക്ഷരം പകർന്നു നൽകുന്ന എടവണ്ണ ഓർഫനേജ് എൽ.പി സ്കൂൾ 29-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ സന്തോഷം. ഈ സ്കൂളിന്റെ ആദ്യകാലം മുതൽ ഇവിടുത്തെ അധ്യാപകനായ ശ്രീ. സുലൈമാൻ മാസ്റ്റർ സർവീസിൽ നിന്നും വിരമിക്കുകയാണ്. സ്കൂളിന്റെ സമസ്ത മേഖലകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹത്തിന്റെ ഭാവി ജീവിതം ഭാസുരമാകട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം ഈ വാർഷികാഘോഷങ്ങൾക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു. ●

പി.കെ. ബഷീർ
P.K. BASHEER
Member, Kerala Legislative Assembly
Ernad



## ആശംസ



**റുഖിയ ഷംസു**
അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

എടവണ്ണയുടെ വിദ്യാഭ്യാസ മുന്നേറ്റത്തിൽ കഴിഞ്ഞ 29 വർഷമായി നിസ്തുലമായ പങ്കുവഹിച്ചു മുന്നേറിക്കൊണ്ടിരിക്കുന്ന EOLP സ്കൂളിന് വിജയാശംസകൾ നേരുന്നു. ഈ സ്കൂളിന്റെ പുരോഗതിക്കായി കർമ്മനിരതനായി പ്രവർത്തിച്ച സുലൈമാൻ മാസ്റ്ററുടെ സേവനം ഏറെ പ്രസക്തമാണ്. ഈ കുരുന്നു പ്രതിഭകളെ സമൂഹത്തിലെ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുന്നതിന് ഈ സ്ഥാപനത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നതിനോടൊപ്പം സുലൈമാൻ മാസ്റ്ററുടെ ശിഷ്ടജീവിതം സമൂഹത്തിന്റെ വിവിധ മേഖലകളിൽ പുരോഗതിക്കായി പ്രവർത്തിക്കാൻ കഴിയട്ടെ. ●


## ആശംസ



**ടി. അഭിലാഷ്**
പ്രസിഡന്റ്, എടവണ്ണ ഗ്രാമപഞ്ചായത്ത്

മൂന്ന് പതിറ്റാണ്ടോളമായി അറിവിന്റെ പ്രകാശം ചൊരിഞ്ഞ് സൂര്യതേജസ്സായി തിളങ്ങി നിൽക്കുന്ന EOLP സ്കൂളിന്റെ 29-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി പുറത്തിറക്കുന്ന സപ്ലിമെന്റിനും സ്കൂളിന്റെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മുന്നിൽ നിന്ന് പ്രവർത്തിച്ച് സർവീസിൽ നിന്ന് പടിയിറങ്ങുന്ന K സുലൈമാൻ മാഷിനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ●

## ആശംസ



**സുനിത എസ്.**
എ.ഇ.ഒ. മഞ്ചേരി

ഇ.ഒ.എൽ.പി. സ്കൂൾ അതിന്റെ 29-ാം വാർഷികാഘോഷവും കർമ്മനിരതനായ സുലൈമാൻ മാസ്റ്റർക്കുള്ള യാത്രയയപ്പും സമുചിതമായി ആഘോഷിക്കുന്ന ഈ വേളയിൽ സ്കൂളിലെ ഓരോ കുട്ടിയ്ക്കും രക്ഷിതാക്കളുടെ മുന്നിൽ അവരുടെ സർഗ്ഗശേഷികൾ പ്രദർശിപ്പിക്കാനുള്ള അവസരം കൂടി ലഭിക്കുന്നു. ആ അസുലഭ നിമിഷങ്ങൾ ധന്യമാകട്ടെയെന്നാശംസിക്കുന്നു. കൂടാതെ ഈ വിദ്യാലയത്തിൽ നിന്നും പടിയിറങ്ങുന്ന സുലൈമാൻ മാസ്റ്റർക്ക് ആയുരാരോഗ്യ സൗഖ്യങ്ങൾ നേരുന്നു. എല്ലാവിധ ആശംസകൾ. ●

## ആശംസ



**റൈഹാനത്ത് കുറുമാടൻ**
ജില്ലാ പഞ്ചായത്ത് മെമ്പർ

പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ എന്നും മുന്നിൽ നിൽക്കുന്ന EOLP സ്കൂളിന്റെ 29-ാം വാർഷികത്തിന് എല്ലാവിധ ആശംസകളോടൊപ്പം സ്കൂളിന്റെ മികവിനൊപ്പം പ്രവർത്തിച്ച സുലൈമാൻ മാസ്റ്റർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ●

## മികവിന്റെ പടവുകൾ താണ്ടി മുന്നോട്ട്...



**1995** ആഗസ്ത് 16ന് എടവണ്ണ ഓർഫനേജ് കമ്മിറ്റിക്ക് കീഴിൽ ആരംഭിച്ച EOLP സ്കൂൾ അതിന്റെ **29-ാം** വാർഷികാഘോഷവും സ്കൂളിലെ അറബി അധ്യാപകൻ കെ. സുലൈമാൻ മാസ്റ്റർക്കുള്ള യാത്രയയപ്പ് യോഗവും നടത്തുകയാണ്. പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ 300-ഓളം കുട്ടികൾ ഇവിടെപഠിക്കുന്നുണ്ട്. മികവുകളുടെ പടവുകൾ കയറിയ വർഷമാണ് ഈ അധ്യയന വർഷം. ആദ്യമായി **6 LSS** വിജയികൾ അതുപോലെ സബ്ജില്ലാ കലോത്സവത്തിൽ മികവാർന്ന മുന്നേറ്റം, സബ്ജില്ലാ ശാസ്ത്രമേളയിൽ തൽസമയ ഇനങ്ങളിൽ എട്ടാം സ്ഥാനം, ഒന്നാം ക്ലാസ് ഒന്നാമതാക്കാൻ ഡിജിറ്റൽ സ്മാർട്ട് ക്ലാസ് റൂം, ചിൽഡ്രൻസ് പാർക്ക്, പുസ്തക സമുച്ചയത്തിന്റെ പുതിയ ലൈബ്രറി റൂം, ക്ലാസ് ലൈബ്രറി നവീകരണം, മുതലായവ ഈ വർഷത്തെ മികവാർന്ന പ്രവർത്തനങ്ങളാണ്. നൃത്ത ക്ലാസുകൾ, സ്പെഷ്യൽ കോച്ചിംഗ് ക്ലാസുകൾ, അവധി ദിവസങ്ങളിലെ അബാക്കസ് ക്ലാസുകൾ, കുട്ടികളുടെ സൗകര്യത്തിന് അനുയോജ്യമായ രീതിയിലുള്ള വാഹന സൗകര്യം എന്നിവ നമ്മുടെ വിദ്യാലയത്തിന്റെ മറ്റു പ്രത്യേകതകളാണ്. നീണ്ട 27 വർഷത്തെ സ്തുത്യർഹമായ സേവനത്തിലൂടെ നമ്മുടെ വിദ്യാലയത്തിന്റെ ഉയർച്ചയിലും താഴ്ചയിലും നമ്മോടൊപ്പം ചേർന്ന് പ്രവർത്തിച്ച സുലൈമാൻ മാസ്റ്റർ പടിയിറങ്ങുമ്പോൾ അതൊരു തീരാനഷ്ടമാണ്. ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങൾ കാഴ്ചവെച്ച അദ്ദേഹത്തിന്റെ ശിഷ്ട ജീവിതം ഭാസുരമാകട്ടെ എന്ന പ്രാർത്ഥനയോടെ. സ്നേഹപൂർവ്വം. ●

**പി.ടി. ഹസ്രത്തലി**
ഹെഡ്മാസ്റ്റർ


## പടിയിറങ്ങുമ്പോൾ



**കെ. സുലൈമാൻ മാസ്റ്റർ**
സീനിയർ അസിസ്റ്റന്റ്

**1997** ജൂൺ ഒന്നാം തീയതി എടവണ്ണ EOLP സ്കൂളിൽ അറബി അധ്യാപകനായി ജോലിയിൽ പ്രവേശിച്ചപ്പോൾ മനസ്സിന് എന്തെന്നില്ലാത്ത കുളിർമയായിരുന്നു. അന്നത്തെ സ്കൂൾ മാനേജർ വി പി മുഹമ്മദ് എന്ന ചെറിയാപ്പു ഹാജിയുടെയും മാനേജ്മെന്റ് കമ്മിറ്റിയുടെയും അകമഴിഞ്ഞ സഹായത്താലാണ് എനിക്ക് ഈ ജോലി ലഭിച്ചത്. 1987 ഫെബ്രുവരി 10നാണ് ഞാൻ ആദ്യമായി എടവണ്ണ യതീംഖാനയിൽ അധ്യാപകനായി ജോലിക്കെത്തിയത്. അന്നത്തെ പ്രസിഡന്റ് പി. സീതി ഹാജി MLA യും ജനറൽ സെക്രട്ടറി PV ഉമ്മർ കുട്ടി ഹാജിയുമായിരുന്നു. എനിക്ക് ഒരിക്കലും മറക്കാനാവാത്ത യതീംഖാനയുടെ സാരഥികൾ ആയിരുന്ന അത്തിക്കൽ ബാപ്പു ഹാജി ടിപി മുഹമ്മദ് ഹാജി ഹാജി വി പി തൃമതി, വി.പി. കുഞ്ഞിമരക്കാർ ഹാജി എന്നിവരെ ഇത്തരുണത്തിൽ ഞാൻ ഓർക്കുകയാണ്. ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ മനഃപ്പൂർവമല്ല ക്ഷമിക്കണം. 1997 ജൂൺ ഒന്നാം തീയതി സ്കൂളിൽ ജോയിൻ ചെയ്തെങ്കിലും നീണ്ട ഏഴ് വർഷത്തിനു ശേഷം 2003 ജനുവരി 16നാണ് അപ്പ്രൂവൽ ലഭിച്ചത്. അപ്രൂവൽ ലഭിക്കുന്ന സമയത്ത് 97-ൽ തുടക്കം മുതൽ എന്റെ കൂടെ ഉണ്ടായിരുന്ന ഒരാൾ പോലും അപ്പ്രൂവൽ കാലത്ത് സ്കൂളിൽ സർവീസിൽ ഉണ്ടായിരുന്നില്ല കാരണം അപ്രൂവൽ വൈകിയപ്പോൾ എല്ലാവരും ജോലി ഉപേക്ഷിച്ചു. മറ്റ് മേഖലകളിലേക്ക് തിരിഞ്ഞു ഞാൻ ഏറെ പ്രതീക്ഷയോടെ വീണ്ടും കാത്തിരുന്നു എന്റെ പ്രഥമ ഹെഡ്മാസ്റ്റർമാരായിരുന്ന വിശ്വനാഥൻ മാസ്റ്റർ എടവണ്ണയിലെ വിസി ബഷീർ മാസ്റ്റർ എന്നിവർ നമ്മോട് വിട്ടുപിരിഞ്ഞവരിൽ പ്രധാനികളാണ്. സ്കൂളിലെ 27 വർഷക്കാലത്തെ ഔദ്യോഗിക ജീവിതത്തിനിടയിൽ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ ഒറ്റേറെ പ്രവർത്തിച്ചു എന്ന് അവകാശപ്പെടുന്നില്ല എങ്കിലും കഴിവിന്റെ പരമാവധി പ്രവർത്തിക്കാൻ ശ്രമിച്ചിട്ടുണ്ടെന്ന ചാരിതാർത്ഥ്യത്തോടെയാണ് പടിയിറങ്ങുന്നത്. കൂടെ നിന്ന മാനേജ്മെന്റ്, മാനേജർ PK ബഷീർ MLA, HM, സഹപ്രവർത്തകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എല്ലാവരോടുമുള്ള കടമകളും കടപ്പാടുകളും നിറഞ്ഞ മനസ്സാൽ ഞാനിവിടെ അറിയിക്കുന്നു. ●

## LSS വിജയികൾ




Muhammed Ashbal K




Diya Fathima P.



Thanooja V.



Nihala K



Niha Fathima P



Ayisha Sherin PT.

## ആശംസ



**സുധീർ ബാബു എം.പി.**
BPC മഞ്ചേരി

ഇ.ഒ.എൽ.പി സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ സംഭാവനകൾ നൽകിയ വിദ്യാലയമാണ്. ഈ വിദ്യാലയം ഏറനാടിന്റെ ഹൃദയഭാഗമായ എടവണ്ണയിൽ തലമുറകളെ പഠിപ്പിച്ചു വളർത്തിയെടുത്ത സരസ്വതീക്ഷേത്രമാണ്. ഈ വിദ്യാലയത്തിലെ അധ്യാപകനായ ശ്രീ. കെ. സുലൈമാൻ മാസ്റ്റർ വിരമിക്കുകയാണ്. അദ്ദേഹം വിദ്യാഭ്യാസ മേഖലക്കും മഞ്ചേരി ബി.ആർ.സിക്കും നൽകിയ പിന്തുണയെ ഞാനീ സമയത്ത് ഓർക്കുകയാണ്. അദ്ദേഹവുമായി വളരെ അടുത്ത വ്യക്തി ബന്ധവും സൗഹൃദവും പുലർത്താൻ എനിക്ക് സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിനും ഇ.ഒ.എൽ.പിക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ●



ചിൽഡ്രൻസ് പാർക്ക് ഉദ്ഘാടനം MLA ബഷീർ









ചാന്ദ്രദിനത്തിൽ ബഹിരാകാശ യാത്രികരുടെ വേഷമണിഞ്ഞ കുട്ടികൾ.



കുട്ടികളിൽ നിന്നും സമാഹരിച്ച 6000/ രൂപ എടവണ്ണ പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് കൈമാറുന്നു.



സ്കൂൾ ലൈബ്രറിയിലേക്ക് ഒരു കുട്ടി ഒരു പുസ്തകം.



ലോക പരിസ്ഥിതി ദിനത്തിൽ കുട്ടികൾ കൃഷിഭവൻ സന്ദർശിച്ചു. കൃഷി ഓഫീസർ സ്കൂൾ ലീഡർ ദിയൂഫിന് വൃക്ഷത്തൈ വിതരണം ചെയ്യുന്നു.



പ്രവേശനോത്സവം 2023



സ്വാതന്ത്ര്യ ദിനത്തിൽ സ്വാതന്ത്ര്യസമര സേനാനികളുടെ വേഷം അണിഞ്ഞ കുരുന്നുകൾ.



ജൂലൈ 5 ബഷീർ ദിനത്തിൽ കഥാപാത്രങ്ങളായി വേഷമണിഞ്ഞവർ



സ്കൂൾ ലൈബ്രറി ഉദ്ഘാടനം, ബഹുമാനപ്പെട്ട PK ബഷീർ നിർവഹിക്കുന്നു



കോഴിക്കോട് മാതൃഭൂമി പ്രെസ്സ്. ഫീൽഡ് ട്രിപ്പ്



LSS വിജയികളെ PK ബഷീർ MLA ആദരിക്കുന്നു.

കഥ

# കൂട്ടുകാർ

**ഫിബ ഐഷ. കെ / 2 B**

പണ്ട് പണ്ട് ഒരു കാട്ടിൽ അണ്ണാനും അവന്റെ കൂട്ടുകാരനായ ആനയും ഉണ്ടായിരുന്നു. അവർ രണ്ടാളും കൂടി കളിക്കും. പിന്നെ പാട്ടുപാടും. അങ്ങനെ കുറെ ദിവസം കഴിഞ്ഞു. ഒരു ദിവസം ആന നേരത്തെ എഴുന്നേറ്റു. എണീറ്റപ്പോഴേ ആന ഓടി അണ്ണാന്റെ കൂടിനടുത്തേക്ക് പോയി. കൂട്ടിനകത്തേക്ക് തുമ്പിക്കൈ നീട്ടി അണ്ണാനെ വിളിച്ചു. "അണ്ണാനെ അണ്ണാനെ എഴുന്നേറ്റോളൂ." നേരം വെളുത്തു. വാ നമുക്കൊരു യാത്ര പോകാം. വേഗം എന്റെ പുറത്തു കയറൂ. അങ്ങനെ അവർ കളിച്ചും രസിച്ചും യാത്ര തുടങ്ങി. ●



രണ്ടാം ക്ലാസിൽ രചനോത്സവത്തിന് തുടക്കം കുറിച്ചുകൊണ്ട് ചിത്രം നൽകുകയും അതുമായി ബന്ധപ്പെട്ട സ്വതന്ത്ര രചനകൾക്ക് അവസരം നൽകുകയും ചെയ്തു. കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കൈയ്യെഴുത്തു മാഗസിൻ മഞ്ചേരി എ.ഇ.ഒ ശ്രീമതി. എസ് സുനിത പ്രകാശനം ചെയ്തു.



സ്മാർട്ട് റൂം ഉദ്ഘാടനം PK ബഷീർ MLA നിർവഹിച്ചു. ഒന്നാം ക്ലാസ് ഒന്നാന്തരമാക്കാൻ എന്ന ഉദ്ദേശത്തോടെ, പഠനം അനുഭവഭേദ്യമാക്കാനായി ICT സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് സജ്ജീകരിച്ച സ്മാർട്ട് ക്ലാസ്സ് റൂം സ്കൂളിന്റെ അക്കാദമിക് മികവ് വിളിച്ചോതുന്നതാണ്.

# നിറഞ്ഞ മനസ്സോടെ, അതിലേറെ ചാരിതാർത്ഥ്യത്തോടെ പടിയിറക്കം



**V. നിസാമുദ്ദീൻ**
PTA പ്രസിഡന്റ്

നീണ്ട 27 വർഷക്കാലത്തെ സേവനത്തിന് ശേഷം എടവണ്ണ ഓർഫനേജ് എൽ.പി. സ്കൂളിൽ നിന്നും പടിയിറങ്ങുകയാണ്. പ്രിയപ്പെട്ട സുലൈമാൻ മാസ്റ്റർ. ഇ.ഒ.എൽ.പിയെ പൊതു സമൂഹവുമായി ബന്ധപ്പെടുത്തിയിരുന്ന പ്രധാന കണ്ണിയായിരുന്നു സുലൈമാൻ മാഷ്.

സ്കൂളിന്റെ ചരിത്രത്തിൽ തന്റെ നാമം തങ്കലിപികളാൽ എഴുതിച്ചേർത്താണ് സുലൈമാൻ മാഷ് പടിയിറങ്ങുന്നത്.

സ്കൂളിന്റെ പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും മുന്നിൽ നിന്നിട്ടുള്ള സുലൈമാൻ മാഷ് സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾ നിസ്തുലമാണ്.

1995ൽ ഏരിയാ ഇന്റൻസീവ് പ്രോഗ്രാം (AIP) യുടെ ഭാഗമായി എടവണ്ണ ഓർഫനേജിന് എൽ.പി. സ്കൂൾ അനുവദിക്കപ്പെട്ടതു മുതൽ സ്കൂളിന്റെ ജീവാത്മാവായി പ്രവർത്തിച്ച് കൊണ്ടിരിക്കുകയായിരുന്നു സുലൈമാൻ മാഷ്.

1987 ൽ വാർഡനായി ജോലിക്ക് ചേർന്ന കാലം മുതൽ തുടങ്ങുന്നു യതീംഖാനയുമായുള്ള അദ്ദേഹത്തിന്റെ ബന്ധം. അത് ഇപ്പോഴും ഊഷ്മളമായിത്തന്നെ തുടരുന്നു.

കേരളത്തിലെ അറബി അധ്യാപകർക്ക് മുഴുവൻ മാതൃകയായി സംസ്ഥാനത്ത് ആദ്യമായി അറബിക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ചത് അദ്ദേഹത്തിന്റെ കിരീടത്തിലെ പൊൻ തൂവലാണ്. നാട്ടുകാരുമായുള്ള തന്റെ വ്യക്തി ബന്ധമുപയോഗിച്ച് രണ്ടര ലക്ഷം രൂപയോളം സ്വരൂപിച്ചാണ് അദ്ദേഹം തന്റെ സ്വപ്ന പദ്ധതിയായ സ്മാർട്ട് ക്ലാസ്റൂം യാഥാർത്ഥ്യമാക്കിയത്.

സ്കൂളിൽ ഈ വർഷം ഉദ്ഘാടനം ചെയ്യപ്പെട്ട ചിൽഡ്രൻസ് പാർക്കിലെ 6 റൈഡുകളിൽ 5 എണ്ണവും സുലൈമാൻ മാസ്റ്ററുടെ പരിശ്രമംകൊണ്ടാണ് ലഭിച്ചത് എന്ന് പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

സ്കൂളിലെ സൗണ്ട് സിസ്റ്റം, അടുക്കളത്തോട്ടം, സ്കൂളിന്റെ താഴെ നിലയിലെ അധിക ക്ലാസ്സ് റൂമുകളും ടൈൽ പതിക്കൽ, കുട്ടികൾക്ക് ഭക്ഷണം കഴിക്കാനുള്ള പ്ലെയ്റ്റുകൾ, അറബിക് ലൈബ്രറി, ചുറ്റുമുള്ള മരങ്ങളിൽ അധികവും, സ്കൂൾ പൂന്തോട്ടം തുടങ്ങി, ചുറ്റുവട്ടത്തും നോക്കിയാൽ കാണുന്ന ഒട്ടനവധി വികസന പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ശ്രമഫലമായി ഉണ്ടായതാണ്. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ കൈയൊപ്പ് പതിയാത്ത ഒന്നും തന്നെ EOLP യിൽ ഇല്ല എന്നു പറഞ്ഞാൽ അതൊട്ടും അതിശയോക്തിയാവില്ല.

എടവണ്ണയിലും പുറത്തും മത, സാമൂഹ്യ, സാംസ്കാരിക രാഷ്ട്രീയ രംഗത്ത് നിറ സാന്നിധ്യമാണ് അദ്ദേഹം. കേരളാ അറബിക് ടീച്ചേഴ്സ് ഫെഡറേഷന്റെ സംസ്ഥാന പ്രവർത്തക സമിതി അംഗം, ജില്ലാ ഉപാധ്യക്ഷൻ, സബ്ജില്ലാ അധ്യക്ഷൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. മഞ്ചേരി സബ്ജില്ലാ ക്യൂഐപി പ്രവർത്തകസമിതിയംഗമായും, എടവണ്ണ IOHSS, പത്തപ്പിരിയം GUPS എന്നിവിടങ്ങളിലെ പി.ടി.എ. പ്രസിഡണ്ടായും മമ്പാട് എംഇഎസ് കോളേജ് പിടിഎ കമ്മിറ്റി അംഗമായും ISM ജില്ലാ പ്രസിഡണ്ടായും സെക്രട്ടറിയായും KNM സംസ്ഥാന കൗൺസിൽ അംഗമായും സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം, പ്രവർത്തിക്കുന്ന മേഖലകളിലെല്ലാം തന്റെതായ സംഭാവനകളർപ്പിക്കാൻ കഴിഞ്ഞ വ്യക്തിയാണ്.

നീണ്ട 27 വർഷത്തിന് ശേഷം, സർവീസ് കാലത്ത് ഒരാൾക്ക് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി ചെയ്തിട്ടാണ് പടിയിറങ്ങുന്നത് എന്ന ചാരിതാർത്ഥ്യത്തോടെത്തന്നെ അദ്ദേഹത്തിന് പടിയിറങ്ങാവുന്നതാണ്.

പത്തപ്പിരിയത്തെ പരേതനായ കറുത്തേടത്ത് മുഹമ്മദിന്റെയും പതിയംപാറ ഫാത്തിമയുടെയും ഏഴു മക്കളിൽ നാലാമനാണ് സുലൈമാൻ മാഷ്. ഭാര്യ, അങ്കണവാടി ടീച്ചറായ റുഖിയാ, മൂന്ന് മക്കൾ. അദ്ദേഹത്തിന്റെ റിട്ടയർമെന്റ് ജീവിതം കൂടുതൽ തിളക്കമുള്ളതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●



ഭാഷോത്സവത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ **അക്ഷര മൊട്ടുകൾ** കുട്ടിപ്പത്രത്തിന്റെ പ്രകാശനം ഹെഡ്മാസ്റ്റർ നിർവഹിക്കുന്നു.



കേരള കലാമണ്ഡല സന്ദർശനം.

## അഭിമാനിക്കാൻ പ്രത്യേകതകളേറെ

- എല്ലാ മാസവും ക്ലാസ് PTA.
- പഠനമികവിനായി ഗൃഹ സന്ദർശനം.
- അറബിക് സ്മാർട്ട് ക്ലാസ് റൂം
- അലിഫ് അറബിക് ക്ലബ്.
- LSS പരീക്ഷകളിൽ ഉന്നത വിജയം.
- ഹലോ ഇംഗ്ലീഷ്, വിജയ സ്പർശം, ഉല്ലാസ ഗണിതം.
- മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ.
- പഠനയാത്ര, ഫീൽഡ് ട്രിപ്പുകൾ.
- ഹൈടെക് ക്ലാസ് റൂമുകൾ, കമ്പ്യൂട്ടർ പഠനം.
- ചിൽഡ്രൻസ് പാർക്ക്.
- നവീകരിച്ച ലൈബ്രറി റൂം.
- ഒന്നാം ക്ലാസ് ഒന്നാമതാക്കാൻ സ്മാർട്ട് ക്ലാസ് റൂം.
- ശിശുസൗഹൃദ വിദ്യാലയ അന്തരീക്ഷം.
- ബോധവൽക്കരണ ക്ലാസുകൾ, ശില്പശാലകൾ.
- അറബിക് ലൈബ്രറി.
- സ്കൂൾ ഫുട്ബോൾ ടീം.
- ബാലസഭകൾ.
- റേഡിയോ ക്ലബ്ബ്.
- നൃത്ത പരിശീലനം.
- ദിനാചരണങ്ങൾ.
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന ക്ലബ്ബുകൾ.
- പോഷകസമൃദ്ധമായ ഉച്ചഭക്ഷണം.
- സുരക്ഷിതമായ വാഹന സൗകര്യം.
- വൃത്തിയുള്ള പാചകപ്പുര.
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്.
- ഗണിത പഠനം അബാക്കസിലൂടെ.



സ്കൂൾ ഇലക്ഷൻ

കവിത

## എന്റെ നാട്

**ഷെസബിയ്യ. പി**
4 B

കേര വൃക്ഷങ്ങൾ നിറഞ്ഞ നാട്.
കളരിപ്പയറ്റ് പിറന്ന നാട്.
കാടും മലയും നിറഞ്ഞ നാട്.
പുഴയും വയലുമുള്ള നാട്.
പ്ലാവും പുളിയും നിറഞ്ഞ നാട്.
പല വർണ്ണപ്പൂക്കൾ വിരിഞ്ഞ നാട്.
തുഞ്ചനും കുഞ്ചനും വാണനാട്.
കഥകളി തന്നുടെ ജന്മനാട്.
മാവേലിത്തമ്പുരാൻ വാണനാട്.
മലയാള ഭാഷ തൻ പുണ്യനാട്.







Class : I A


Class : I B


Class : 2 A


**SPOT ADMISSION**
LKG,UKG, 1st to 4th Std.
(English & Malayalam Medium)
**04/03/2024**
Monday - 2 pm to 4pm
Ph: 9847847045 (HM)



▲ സ്കൂളിൽ ഒരു പോസ്റ്റ് ഓഫീസ്.


Class : 2 B


Class : 3 A


Class : 3 B

## പൂമ്പാറ്റേ..

Insha Sakeer EM / III A

കൊച്ചു പൂമ്പാറ്റേ..
വർണ്ണങ്ങൾ കൊണ്ട്
നിറഞ്ഞെൻ പൂമ്പാറ്റേ
ആര് നിനക്കേകി...
ഈ വർണ്ണങ്ങൾ
ആര് നിനക്കേകി...
ഈ ചന്തമുള്ള ചിറകുകൾ
പൂവുകൾ തോറും പാറി നടക്കും
പാറി നടന്ന് തേൻ നുകരും
എന്നെയും കൂടെ കൂട്ടുമോ നീ..
ഞാനും വരാം നിന്റെ
കൂടെ വർണ്ണശലഭമായ്.
നമുക്കൊരുമിച്ച് പാറി നടക്കാം

## അഞ്ചാം ക്ലാസ് ഉണ്ടായിരുന്നെങ്കിൽ...

**ദിയൂഫ് അഹ്മദ് സി**
സ്കൂൾ ലീഡർ



**രണ്ടാം** ക്ലാസിലേക്കാണ് ഞാൻ ഈ സ്കൂളിലേക്ക് കടന്ന് വന്നത്. ഗേറ്റ് കടന്ന് വിശാലമായ ഗ്രൗണ്ടിലൂടെ സ്കൂൾ മുറ്റത്തേക്ക് കുഞ്ഞു ഗേറ്റും കടന്ന് വന്നപ്പോഴുള്ള ഒരു സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. വളരെ സ്നേഹത്തോടെ പെരുമാറുന്ന പ്രധാന അധ്യാപകനും അതിലേറെ വാത്സല്യത്തോടെ കുട്ടികളെ പരിഗണിക്കുന്ന ടീച്ചേഴ്സും എന്റെ മനസ്സിൽ പതിഞ്ഞു. എനിക്ക് ഈ സ്കൂൾ തന്നെ മതി.

സ്കൂളിൽ നിന്ന് കിട്ടുന്ന പുതിയ അനുഭവങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചു. അതോടൊപ്പം സ്കൂളിലെ പരിമിതികളും ഞാൻ മനസ്സിലാക്കി. മൂന്നാം ക്ലാസിൽ എത്തിയപ്പോൾ എന്റെ ഉപ്പയോട് ഞാൻ പറഞ്ഞു. ഞങ്ങളുടെ സ്കൂളിൽ ഒരു എൽ.സി.ഡി. പ്രൊജക്ടറിന്റെ അഭാവമുണ്ട് . അതിന് പരിഹാരം കണ്ടു. സ്കൂളിലേക്ക് ഒരു എൽ.സി.ഡി. പ്രൊജക്ടർ സംഭാവന നൽകി.

നാലാം ക്ലാസിൽ എത്തി. സ്കൂൾ ലീഡറായി നല്ല ഭൂരിപക്ഷത്തിൽ ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. സ്കൂളിന്റെ എല്ലാ നല്ല കാര്യങ്ങളിലും ഞാനും പങ്കാളിയായി. സ്കൂൾ ലീഡർ എന്ന നിലയിൽ എന്നോട് സഹകരിച്ച എല്ലാവരോടും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്താൻ ഈ സമയം ഉപയോഗപ്പെടുത്തുകയാണ്.

ഈ കാലഘട്ടത്തിലാണ് സ്കൂളിൽ പുതിയ ഒരു ചിൽഡ്രൻസ് പാർക്ക് വരുന്നത്. സ്കൂൾ ലീഡർ എന്ന നിലയിൽ എന്റെ ഒരു റൈഡ് സ്പോൺസർ ചെയ്യണമെന്ന് രക്ഷിതാക്കളെ അറിയിച്ചു. സ്കൂളിന്റെ നന്മയും മികവും മനസ്സിലാക്കി രക്ഷിതാക്കൾ സന്തോഷത്തോടെ സമ്മതിച്ചു. ദിഫൂസ് റൈഡ് പാർക്കിൽ തയ്യാറായി. എന്റെ എൽ പി സ്കൂൾ ജീവിതം വളരെ സന്തോഷത്തോടെ പൂർത്തിയാക്കാനും അതോടൊപ്പം സ്കൂളിന്റെ പടിയിറങ്ങാനുമായി. അഞ്ചാം ക്ലാസ് ഉണ്ടായിരുന്നെങ്കിൽ.... എന്നാശിച്ചുപോയി.

ഈ സ്കൂളിൽ വന്നപ്പോൾ ഇവിടെ ഉണ്ടായിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട അറബി സാർ സുലൈമാൻ മാസ്റ്റർ 26 വർഷത്തെ സന്തോഷകരമായ സേവനത്തിന് ശേഷം സർവീസിൽ നിന്നും വിരമിക്കുകയാണ്. സുലൈമാൻ സാറിന്റെ ശിഷ്ട ജീവിതവും ഐശ്വര്യം നിറഞ്ഞതാകട്ടെ എന്ന് ആശംസിക്കുന്നു. സ്കൂൾ ലീഡർ എന്ന നിലയിൽ മുഴുവൻ കുട്ടികൾക്കും വേണ്ടി സുലൈമാൻ മാസ്റ്റർക്ക് എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു. ●


Class : 4 A


Class : 4 B

## EDUCAMP ALL KERALA TALENT SEARCH EXAMINATION. 2023-2024


Sanha C
1st / LKG A


Nidyaraj V
1st / LKG A


Isha Mariyam
1st / LKG B


Farha Fathima
1st / LKG B


Fathima Hairin
2nd / LKG A


Ayrin Vp
2nd / LKG A


Milsha Asmin
2nd / LKG B


Mehana Mehar
2nd / LKG B


Muhammed Hani V.
3rd / LKG A


Ayrin Thayyil
2nd / LKG B


Muhmmed Salah
3rd / LKG B


Rabeeh Rahman
3rd / LKG B



Adeeb P
3rd / LKG B


Shezmin
3rd / LKG B


Muhammed Zain
1st / UKG


Fella fasil
1st / UKG


Aiza pv
1st / UKG



Arham Nasooh
2nd / UKG


Jaza Meharin
2nd / UKG



Najil
2nd / UKG


Afyaan
3rd / UKG


Sanah
3rd / UKG


Amiya
3rd / UKG


▲ ശിശുദിന റാലി


▲ ഓണാഘോഷം

## PTA, MTA അംഗങ്ങൾ


ബാബുരാജ് | ഫാരിസ | സുപ്രഭ | ഫസ്ന | രജനി
സുബീന | ശോഭിക | സബിത | മുസ്രിയ | ഷമീന

## 29–ാം വാർഷികവും യാത്രയയപ്പ് സമ്മേളനവും

**2023 ഫെബ്രുവരി 29 വ്യാഴം 5 pm**

### കാര്യപരിപാടി

| | | |
|---|---|---|
| പ്രാർത്ഥന | : | |
| സ്വാഗതം | : | ശ്രീ. ഹസ്രത്തലി പി.ടി. (ഹെഡ്മാസ്റ്റർ) |
| **അധ്യക്ഷൻ** | : | ശ്രീ.വി നിസാമുദ്ദീൻ (PTA പ്രസിഡന്റ്) |
| **റിപ്പോർട്ട് & ഡോക്യുമെന്റേഷൻ : ഡിജിറ്റൽ** | | |
| **ഉദ്ഘാടനം** | : | ശ്രീമതി. റുഖിയ ഷംസു (പ്രസിഡന്റ്, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്) |
| **ഉപഹാര സമർപ്പണം :** | | |
| **മുഖ്യാതിഥി** | : | ശ്രീ. ടി. അഭിലാഷ് (പ്രസിഡന്റ് എടവണ്ണ ഗ്രാമപഞ്ചായത്ത്) |
| പ്രസീഡിയം | : | ശ്രീ. വി.പി. അയ്യൂബ് (പ്രസിഡണ്ട് എടവണ്ണ യത്തീംഖാന) |
| | : | ശ്രീ. പറമ്പൻ ചെറിയാപ്പു ഹാജി (ട്രഷറർ എടവണ്ണ യത്തീംഖാന) |
| | : | ശ്രീ. പി വി അബ്ദുല്ലത്തീഫ് (സെക്രട്ടറി, എടവണ്ണ യത്തീംഖാന) |
| | : | ശ്രീ. ടി. രായിൻ (മെമ്പർ എടവണ്ണ യത്തീംഖാന) |
| | : | ശ്രീ. ജംഷാദ് (PTA വൈസ് പ്രസിഡന്റ്) |
| | : | ശ്രീമതി മുഹ്സിന സി കെ (MPTA പ്രസിഡന്റ്) |
| | : | ശ്രീമതി നാഫില (MTA വൈസ് പ്രസിഡന്റ്) |
| ആശംസകൾ | : | ശ്രീമതി സുനീറ സമദ് (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |
| | : | ശ്രീ. ഇ. സുൽഫീക്കർ (വാർഡ് മെമ്പർ) |
| | : | ശ്രീമതി എസ്. സുനിത (എ.ഇ.ഒ. മഞ്ചേരി) |
| | : | ശ്രീ. സുധീർ ബാബു എം.പി. (ബി.പി.സി. മഞ്ചേരി) |
| | : | ശ്രീ. മൻസൂർ അലി പി പി (പ്രിൻസിപ്പൽ പോളിടെക്നിക് കോളേജ് എടവണ്ണ) |
| | : | ശ്രീ. ജയദീപ് (എച്ച് എം ഫോറം സെക്രട്ടറി) |
| | : | ശ്രീ. പി അലിയാപ്പു (AIP സംസ്ഥാന കൺവീനർ) |
| മറുവാക്ക് | : | സുലൈമാൻ കെ. |
| നന്ദി | : | റീന കെ |

സ്കൂളിന്റെ 29–ാം വാർഷികാഘോഷത്തിന്റെ മുന്നോടിയായി പ്രയാണം 3 സപ്ലിമെൻറ് ഇറക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. ദൗത്യം വളരെ വലുതും സമയം വളരെ കുറവുമായിരുന്നു കഴിവിന്റെ പരമാവധി എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ലേഖനങ്ങൾ, പരസ്യങ്ങൾ, സന്ദേശങ്ങൾ, ആശംസകൾ. പിന്തുണകൾ നൽകിയ എല്ലാവർക്കും നന്ദി. പോരായ്മകൾ വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ ദയവായി ക്ഷമിക്കുക. – *കൺവീനർ*


ZAARA
GOLD & DIAMONDS
EDAVANNA

ഇരുപത് വർഷങ്ങൾ പിന്നിടുന്ന വിജയ മന്ത്രം...
exa
Education Centre
EDAVANNA, MAMPAD
2024-2025
ADMISSION STARTED
Call Us For More Info
9061 450 561
9846 266 747
SSLC VACATION Classes Start On APRIL-1
9th TUITION APRIL-15
8th TUITION APRIL-15